# എം.എസ്.എം.ഹയർ സെക്കന്ററിസ്കൂൾ കായംകുളം



# നിലാവ്

**LITTLE KITES 2022-25**

*Digital Magazine*

# എം എസ് എം
# എച്ച് എസ് എസ്,
# കായംകുളം



# ആമുഖം

പ്രിയ കൂട്ടുകാരെ ,

ഞങ്ങളുടെ  മാസികയുടെ വർണ്ണാഭമായ ലോകത്തേക്ക് സ്വാഗതം!

നിങ്ങളുടെ ജിജ്ഞാസ ജ്വലിപ്പിക്കുക, നിങ്ങളുടെ ഭാവനയെ ഉണർത്തുക, പഠനത്തിൻ്റെ സന്തോഷം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഞങ്ങളുടെ ലക്ഷ്യം. മോഹിപ്പിക്കുന്ന കഥകൾ മുതൽ മനസ്സിനെ ത്രസിപ്പിക്കുന്ന പസിലുകൾ വരെ, കണ്ടെത്തലിൻ്റെ യാത്രയിൽ നിങ്ങളുടെ കൂട്ടാളിയാകാനാണ് ഈ മാസിക രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഈ പേജുകളിലൂടെ, വലിയ സ്വപ്നം കാണാനും, ക്രിയാത്മകമായി ചിന്തിക്കാനും, വായനയുടെയും പഠനത്തിൻ്റെയും സന്തോഷങ്ങൾ സ്വീകരിക്കുന്നതിനും നിങ്ങളെ പ്രാപ്തരാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു... നിങ്ങളുടെ അതുല്യമായ കാഴ്ചപ്പാടുകളും താൽപ്പര്യങ്ങളും ആഘോഷിക്കുന്ന ഒരു മാഗസിൻ സൃഷ്ടിക്കുന്നതിന് ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് അവരുടെ ഹൃദയവും മനസ്സും പകർന്നു.

അറിവിൻ്റെയും സർഗ്ഗാത്മകതയുടെയും ശുദ്ധമായ വിനോദത്തിൻ്റെയും അസാധാരണമായ ഈ യാത്രയിൽ ഞങ്ങളോടൊപ്പം ചേരാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. അതിലൂടെ , നിങ്ങളുടെ ഭാവന ഉയരട്ടെ,..

ഞങ്ങളോടൊപ്പം അദ്ഭുതത്തിൻ്റെയും ആവേശത്തിൻ്റെയും ലോകത്തേക്ക് മുങ്ങാൻ തയ്യാറാകൂ!

**LITTLE KITES TEAM,**

**MSM HSS, KAYAMKULAM**

# ഉള്ളടക്കം

ആശംസകൾ....

ചരിത്രം

Blessings from the heaven,My Mother........... Page 1

എന്റെ ബാല്യം................................................ Page 2

മഴ.,........................................................ Page3

മലവെള്ളം, പൂക്കൾ ........................................ Page4

പൂമ്പാറ്റ, കുഞ്ഞുപൂവ്.......................................... Page 5

ചന്ദനപൊട്ട്, മഴ വന്നു........................................ Page6

മിന്നും താരങ്ങൾ............................................. Page7

ക്ലബ്സ്............................................................ Page 8

Puzzle..................................................... Page 9

Drawings................................................ Page 10

# ആശംസകൾ ...



പ്രിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ..

, വിജ്ഞാനം ഡിജിറ്റലൈസ്  ചെയ്യപ്പെട്ട

കാലഘട്ടത്തിലൂടെയാണ്

നാം ഇന്ന് കടന്നുപോകുന്നത്.

 നിങ്ങളുടെ അറിവും അനുഭവങ്ങളും

സർഗാത്മകതയും പങ്കിടാൻ ഡിജിറ്റൽ

പ്ലാറ്റ്ഫോമിലൂടെയുള്ള പ്രയാണം

നിങ്ങൾക്ക് വിജയവും

 ആത്മവീര്യവും ചൊരിയട്ടെ

എന്ന് ഭാവുകങ്ങൾ

നേരുന്നു...

**BEENA .PM**
**H.M**

# ചരിത്രം

ആലപ്പുഴ ജില്ലയിലെ പ്രമുഖവും പുരാതനവുമായ കായംകുളം പട്ടണം ഒരു കാലത്ത് കേരളത്തിലെ പ്രമുഖ വ്യാപാര കേന്ദ്രങ്ങളിലൊന്നായിരുന്നു. കൃഷി, കയർ വ്യവസായം, മത്സ്യബന്ധനം, വിനോദസഞ്ചാരം എന്നിവയിൽ പ്രശസ്തമായിരുന്നു ഈ പ്രദേശം . പഴയകാലത്ത് ഓടനാട് എന്നറിയപ്പെട്ടിരുന്ന ഈ പട്ടണം ഇപ്പോൾ മധ്യതിരുവിതാംകൂറിലെ ഓണാട്ടുകരയുടെ ഭാഗമാണ്. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി വ്യക്തികൾ കായംകുളത്തിന്റെ പ്രതിനിധികളായിരുന്നു ജനാബ്. പി.കെ. കുഞ്ഞുസാഹിബ് ശ്രീ. എം. കെ ഹേമചന്ദ്രൻ ശ്രീ തച്ചടി പ്രഭാകരൻ എന്നിവർ കേരളത്തിന്റെ വിവിധ മന്ത്രിസഭകളിൽ ധനകാര്യമന്ത്രിമാരായിരുന്നു. ലോക പ്രശസ്ത കാർട്ടൂണിസ്റ്റായ ശങ്കർ കായംകുളത്തിന്റെ അഭിമാനമാണ് .

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 1997 മുതൽ കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തി ഹൈസ്കൂളിനൊപ്പം പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. തുടർന്ന് നമ്മുടെ സ്കൂളിൽ 1998 ഓഗസ്റ്റ് 24-ാം തീയതി ഹയർസെക്കന്ററി കോഴ്സുകൾക്ക് തുടക്കം കുറിക്കുകയും സ്കൂളിന്റെ പദവി എം.എസ്.എം ഹയർ സെക്കന്ററി സ്കൂൾ എന്ന പേരിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. ശ്രീ. കെ. അബൂബക്കർ സർ ആയിരുന്നു പ്രഥമ പ്രിൻസിപ്പൽ ബയോളജി, ഫിസി ക്സ്, കെമിസ്ട്രി, മാസ് ഉൾപ്പെടെ 2 സയൻസ് ബാച്ചുകളും പൊളി റ്റിക്സ്, അക്കൗണ്ടൻസി ബിസിനസ്സ് സ്റ്റഡീസ് എക്കണോമിക്സ് ഉൾപ്പെട്ട ഒരു കൊമേഴ്സ് ഗ്രൂപ്പുമായിരുന്നു തുടക്കത്തിൽ ഉണ്ടായിരുന്നത്. 1998 ൽ നിലവിലുണ്ടായിരുന്ന സയൻസ് ബാച്ചിനോടൊപ്പം പ്രസ്തുത വിഷയ ങ്ങൾ അടങ്ങിയ ഒരു ബാച്ച് കൂടി ആരംഭിക്കുകയുണ്ടായി. പിന്നീട് 2000ൽ ഇസ്ലാമിക് ഹിസ്റ്ററി, പൊളിറ്റിക്സ്, സോഷിയോളജി എക്ണോമിക്സ് വിഷയങ്ങൾ അടങ്ങിയ 2 ഹ്യുമാനിറ്റീസ് ബാച്ചുകളും കമ്പ്യൂട്ടർ ആപ്ലിക്കേ ഷൻ ഉൾപ്പെട്ട ഒരു കൊമേഴ്സ് ബാച്ചും ഒരു കമ്പ്യൂട്ടർ സയൻസ് ബാച്ചും തുടങ്ങുകയുണ്ടായി. അങ്ങനെ ആ വർഷം 4 സയൻസ് ബാച്ചും, 2 കൊമേഴ്സ് ബാച്ചും ഒരു കമ്പ്യൂട്ടർ സയൻസ് ബാച്ചും അടങ്ങിയ ഹയർ സെക്കന്ററി കോഴ്സായിരുന്നു ഉണ്ടായിരുന്നത്. പിന്നീട് 2011ൽ ബയോളജി ഉൾപ്പെട്ട നിലവിലുണ്ടായിരുന്ന സയൻസ് ഗ്രൂപ്പിന്റെ ഒരു ബാച്ച് കൂടി സ്കൂളിൽ തുടങ്ങുകയുണ്ടായി. നിലവിൽ 18 ബാച്ചുകളും അനുബന്ധ ലാബും ലൈബ്രറിയും മറ്റും സ്കൂളിൽ തൃപ്തികരമായി സംരക്ഷിക്കുവാനും കഴിയുന്നു.

ബഹു.മാനേജർ ശ്രീ ഹിലാൽ ബാബുസാറിന്റെ പരിശ്രമവും നേതൃത്വവുമാണ് ഈ വിജയത്തിന്റെ അടിസ്ഥാനം. പാഠ്യ-പാഠ്യാനുബന്ധ മേഘലകളിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ സ്കൂളിനു കഴിഞ്ഞി ട്ടുണ്ട്. മേളകൾ,കലോത്സവങ്ങൾ, പരീക്ഷാ ഫലങ്ങൾ ഇവയിൽ മികച്ച വിജയം നേടുവാനും അക്കാദമിക രംഗങ്ങളിൽ അഭിനന്ദനീയമായ നേട്ടങ്ങൾ കൈവരിക്കാനും നമ്മുടെ വിദ്യാലയത്തിന് കഴിയുന്നുമുണ്ട്.

# BLESSINGS FROM THE HEAVEN



**Clouds of darken grey**
**Covering the sky**
**suspended in a single drop of rain**
**losing all hopes in mind**
**Rain drops fall from heaven**
**Come and wash all my tears that stained**
**Rain drops fall from heaven**
**Come and wash all pain**
**At last it was the blessing from the heaven**



# MY MOTHER

**My mother, My mother**
**I love my mother**
**She will teach me**
**She will teach me lovely**
**My mother is the best mother**
**She loves me so much**
**And I love her too**
**My mother is the best mother**

By

Athma vineed

5A

# എന്റെ ബാല്യം

മനസ്സിൻ മണിചെപ്പിൽ
മഴവില്ലു വിരിക്കുന്ന
മണ്ണിൻ മണമുള്ള
മഴതൻ കിന്നാരവും,
മിന്നാ മിന്നിതൻ
മിന്നും പ്രഭയും
മനതാരിൽ മയങ്ങുന്ന
മധുരമാം
ഗൃഹാതുരതയ്ക്ക് മേലെ
വിടരുന്ന പൂർവ്വാ രാമ
സുഗന്ധവും
മുത്തശ്ശൻ പകർന്ന
ഭാരതവുംമാടി
വിളിക്കുന്നെന്നെയൊ
ട്ടുപിന്നിലേക്കാ മായിക
ബാല്യത്തിലേക്ക്
മഞ്ഞത്തുമ്പിക്കി
കല്ലൊരു
ഭാരമെന്നോർക്കാത്ത
ഊഞ്ഞാൽ പലകയിൽ
മതിമറന്നാടിയ
ചില്ലാട്ടങ്ങളുമാർപ്പ്
വിളിക്കാളുമിന്നൊരു
മായാപ്രപഞ്ചമായി
മുന്നിൽ..
മായാതെ മറയാതെ
മഴവില്ലൊളിയിൽ മദിച്ചു
ല്ലസിച്ചീടുന്നിപ്പോഴും
മടങ്ങി വരാത്തൊരു
മായിക വസന്തമായി



**BY PARVATHY M HST ENGLISH**

# മഴ



മഴയൊരു സുഖമുള്ള സ്പർശനം
പോലെന്റെ മണിയറ വാതിൽ
തുറന്നു ജാലക വാതിലിൽ
മുട്ടി വിളിക്കുന്ന മാരുതൻ
കാതിൽ പ്പറഞ്ഞു പാതി
മയക്കത്തിലാലസ്യമാർന്നൊരു
നേരത്തു തഴുകി ത്തലോടി
തൂവാനം തുള്ളി പറക്കും
മഴയൊരു കോരിത്തരിപ്പായി
പടർന്നു നേർത്ത കണികകൾ
കരളിന്റെയുള്ളിൽ
കിനാവുകളായിത്തുടിച്ചു
പച്ചിലച്ചാർത്തിന്റെ നെറുകയിൽ
ചുംബിച്ചു തുള്ളിക്കളിക്കും
കണങ്ങൾ ചിന്നിത്തെറിച്ചു
ചിതറുകയാണെന്റെയുമ്മറ
ക്കോലായിലെങ്ങും നേരം
വിടർന്നു ഞാൻ പാതി
തുറന്നൊരു  കൺകളുമായി
പ്പരതി കണ്ടില്ലവളുടെ നനവാർന്ന
പൂഞ്ചേല മണ്ണിൽ വിരിച്ചു മറഞ്ഞു..

## BY BEENA P.M H.M

# മലവെള്ളം

കാലം തെറ്റി പെയ്യും മഴയിൽ
മഴയോ പെരുമഴയിൽ
കുന്നുകൾ ഇടിയുന്നു
നദികൾ കവിയുന്നു
പൊലിയുന്നു ജീവിതങ്ങൾ
ദുരിതപ്പെയ്ത്തിൽ
സഹ്യന്റെ കൈകൾ അടർന്നു
വീഴുമ്പോൾ
മഴ വെള്ളത്തിൽ ഒഴുകി തീരുന്നു
ഒരു ദേശവും ജനതയും
പരിസ്ഥിതി ലോല മെന്നറിഞ്ഞിട്ടും
വീണ്ടും നാം കടന്നു കയറുന്നു
സഹനമ വസാനിക്കുമ്പോൾ മല
വെള്ളമായി നമ്മെ വിഴുങ്ങുന്നു
മലവെള്ളപ്പാച്ചിലിൽ കാടും
നാടുമൊന്നാവുമ്പോൾ
പ്രിയ ർ ക്കായ്
കാത്തിരിക്കുന്നു ജനം ദിനങ്ങളോളം
കണ്ണുകൾ  പായുന്നു



BY REJITHA KL
UPST

# പൂക്കൾ

പുലരിയിൽ വിടർന്നു നിൽക്കും
പൂക്കളാണ് കുട്ടികൾ
പുതു മകൾ പകർന്നു നിൽക്കും
പൂമകളാണ് കുട്ടികൾ പൂക്കൾ
തോറും തങ്ങിനിൽക്കും
മഞ്ഞുതുള്ളി പുഞ്ചിരി പുഞ്ചിരിക്ക
മധുരമേകാൻ തുള്ളികളായി
കണ്ണുകൾ കൊഞ്ചിയുള്ള പേച്ചുകൾ
കൗതുകത്തിൽ കാഴ്ചകൾ
കൂട്ടുകാരുമൊത്തിണങ്ങി
കാഴ്ചവെക്കും കുസൃതികൾ



BY FAYANAFATHIMA
CLASS :5 A

# പൂമ്പാറ്റയും കുഞ്ഞു പൂവും



പൂമ്പാറ്റയും കുഞ്ഞു പൂവും

പൂമ്പാറ്റേ പൂമ്പാറ്റേ

പൂമ്പാറ്റേ

പൂവിളി കേൾക്കും പൂമ്പാറ്റ

പൂന്തേനുണ്ണും പൂമ്പാറ്റ

പൊൻ പൂമ്പാറ്റെ കുഞ്ഞു പൂവിലിരിന്നാട്ടെ

പൂമ്പാറ്റേ പൂമ്പാറ്റേ ഞങ്ങടെ സ്വന്തം പൂമ്പാറ്റ

പൂവിൽ നിന്ന് തേൻ കുടിച്ച് ആടിപ്പാടി കളിക്കുന്നു

എന്റെ പൂമ്പാറ്റ എന്റെ സ്വന്തം പൂമ്പാറ്റ

എന്റെ കൂടെ കളിക്കുന്നു എന്റെ സ്വന്തം പൂമ്പാറ്റ

പൂമ്പാറ്റേ പൂമ്പാറ്റേ

പൂമ്പാറ്റേ

പൂവിളി കേക്കും പൂമ്പാറ്റ

പൂന്തേൻ ഉണ്ണും

എന്റെ പൂമ്പാറ്റ

BY FATHIMA A
6A

# ചന്ദനപ്പൊട്ട്

അമ്പിളിമാമനെ ചൂണ്ടി

അമ്മിണിക്കുട്ടി ചോദിച്ചു

ആകാശനെറ്റിയില്ലാര്

ചന്ദനത്തിൻ പൊട്ടുതോട്ടു



BY NESLIN
5A

# മഴ വന്നു

മഴ മഴ മഴ മഴ മഴ വന്നു
ഒരു മഴ ചെറുമഴ മഴ വന്നു
കാർ മേഘം കൂടി മഴ വന്നു
ഞാൻ ഇറങ്ങി കളിച്ചു മഴയത്ത്
ഞാൻ ആടി ഉല്ലസിച്ചു
പാട്ട് പാടി മഴയും ആടി
നല്ല ഒരു പുള്ളിക്കുടചൂടി
മഴ വന്നു മഴ വന്നു നല്ല ഒരു മഴ വന്നു



# മിന്നും താരങ്ങൾ...



FOOT BALL TEAM



ARTS TEAM

# *CLUBS ...*





LITTLE KITES TEAM



J.R.C TEAM

# PUZZLE



| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | | | 2 | | | 3 | | |
| 2 | | | 3 | | | 4 | | |
| 3 | | | 4 | | | 5 | | |
| 4 | | | 5 | | | 6 | | |
| | | | | | | | | |
| | | 3 | | | 4 | | | 5 |
| | | 4 | | | 5 | | | 6 |
| | | 5 | | | 6 | | | 7 |
| | | 6 | | | 7 | | | 8 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 1 |
| | | | | | | | 2 | 3 |
| | | 4 | | | 5 | | | |
| | | | 1 | | | | | |
| | | | | 3 | | 6 | | |
| | | 7 | | | | 5 | 8 | |
| | | | | 6 | 7 | | | |
| | 1 | | | | 4 | | | |
| 5 | 2 | | | | | | | |

# DRAWINGS




Save Trees
Save The Earth
Trees are the
Ornaments of the earth
AFIYA S
VII A


After
Before
ARCHANA L


NATIONAL READING DAY....
By: Beema.s

# THANK YOU